Lalith Babu

# സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പിന് നിലവിൽ വിദ്യാഭ്യാസ വകുപ്പിലെ നിയമമനുസരിച്ചു ഈടാക്കുന്ന ഫീസ് തന്നെ ഈടാക്കാവുന്നതാണ് എന്ന് വിവരാവകാശ കമ്മീഷൻ

2. പരാതിയിൽ നോട്ടീസ് നൽകിയതനുസരിച്ച് എതൃകക്ഷി 5.8.2010 തീയതി വച്ച് കമ്മിഷൻ മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പരാതിക്കാരന്റെ അപേക്ഷ 21.6.2010-ന് ലഭിച്ചിട്ടുള്ളതാണെന്നും അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് സാധാരണയായി നൽകുന്നത് 20/-രൂപ സ്റ്റാമ്പ് പേപ്പറിലായതിനാൽ സ്റ്റാമ്പ് പേപ്പർ വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ട് 16.7.2010-ന് പരാതിക്കാരന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും പരാതിക്കാരൻ 30.7.2010-ന് സ്റ്റാമ്പ് പേപ്പർ സ്ക്കൂളിൽ എത്തിച്ചതിനെ തുടർന്ന് 2.8.2010-ന് അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് പരാതിക്കാരന് നൽകിയിട്ടുള്ളതാണെന്നും എതൃകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നു.

3. എതൃകക്ഷി കമ്മിഷൻ മുൻപാകെ സമർപ്പിച്ച റിപ്പോർട്ട് സ്വീകരിച്ചുകൊണ്ട് പരാതിയിൽ മേൽനടപടി അവസാനിപ്പിച്ച് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു.

പരാതി ഇപ്രകാരം തീർപ്പാക്കി ഇന്ന ദിവസം 2010 ആഗസ്റ്റ് മാസം 28-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.